**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 143** **27-06-2022 - ൽ മറുപടിയ്ക്ക്**

**തുരങ്കപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | 25.02.2022 ലെ സർക്കാർ ഉത്തരവ് (കൈ) നം.10/2022/പൊ.മ.വ പ്രകാരം ഈ പദ്ധതിക്ക് 2043.74 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും പദ്ധതിയുടെ എസ്.പി.വിയായ കൊങ്കൺ റെയിൽവെ കോർപ്പറേഷൻ ലിമിറ്റഡ് ടെൻഡറിംഗ് രേഖകൾ തയ്യാറാക്കൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യ മായ വനം, പരിസ്ഥിതി അനുമതി ലഭിക്കുകയും സ്വകാര്യ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാകുകയും ചെയ്യുന്ന മുറയ്ക്ക് ബിഡിങ് നടപടികൾ കൊങ്കൺ റെയിൽവെ കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുന്നതാണ്. |
| (ബി) | പദ്ധതിക്ക് സാമൂഹികാഘാത പഠനം നിഷ്കർഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്, കോഴിക്കോട്, വയനാട് ജില്ലകളിലൂടെ കടന്നു പോകുന്ന പദ്ധതിയുടെ സാമൂഹികാഘാത വിലയിരുത്തലിനുള്ള 4(1) വിജ്ഞാപനം കോഴിക്കോട് ജില്ലയിൽ പുറപ്പെടുവിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (സി) | കേന്ദ്ര വനം മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (സി) | കേന്ദ്ര വനം മന്ത്രാലയത്തിന്റെ ക്ലിയറൻസിനായി അപേക്ഷയുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ രേഖകളും പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ എ.പി.സി.സി.എഫ് തിരുവനന്ത പുരത്തിന്റെ ഓഫീസ് മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് അവസ്ഥയിലാണെന്നും എപ്പോൾ കഴിയുമെന്നും വ്യക്തമാക്കാമോ; | (ഡി) | കോഴിക്കോട്, വയനാട് എന്നീ രണ്ട് ജില്ലകളിലൂടെയാണ് പദ്ധതി കടന്നു പോകുന്നത്. കോഴിക്കോട് ജില്ലയിൽ സാമൂഹികാഘാത വിലയിരുത്തലിനുള്ള 4(1) വിജ്ഞാപനം റവന്യൂ വകുപ്പ് 25.05.2022-ന് പുറപ്പെടുവിച്ചു. വയനാട് ജില്ലയിലെ സ്ഥലം ഏറ്റെടുക്കലിനെ സംബന്ധിച്ചിടത്തോളം 4(1) |

| | | | |
|---|---|---|---|
| | | | വിജ്ഞാപനം പുറപ്പെടുവിക്കാൻ ഉള്ള നടപടികൾ അവസാനഘട്ടത്തിലാണ്. |
| (ഇ) | പദ്ധതി നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | നിയമപരമായ അനുമതികൾ ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം  ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ